# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1455    04.12.2014 ൽ മറുപടിക്ക്**

## ബൈപ്പാസുകളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എ പി അബ്ദുള്ളക്കുട്ടി<br>" ബെന്നി ബെഹനാൻ<br>" ഷാഫി പറമ്പിൽ<br>" വി റ്റി ബൽറാം | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

എ) ബൈപ്പാസുകളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

ബി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്;

സി) പ്രസ്തുത നിർമ്മാണത്തിനുള്ള ധനസമാഹരണം എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

ഡി) നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

എ), ബി), സി) & ഡി) ദേശീയപാത വിഭാഗത്തിൻ കീഴിൽ ചുവടെ കാണുന്ന ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തിരുവനന്തപുരം ബൈപ്പാസ് (എൻ എച്ച് എ ഐ ടെണ്ടർ നടപടി എടുത്തു വരുന്നു)
2. കൊല്ലം ബൈപ്പാസ് (ടെണ്ടർ അംഗീകാരത്തിന് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്)
3. ആലപ്പുഴ ബൈപ്പാസ് (ടെണ്ടർ അംഗീകാരത്തിന് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്)
4. തൃപ്പൂണിത്തുറ ബൈപ്പാസ് ( ഡി പി ആർ അംഗീകാരത്തിന് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്)
5. കോഴിക്കോട് ബൈപ്പാസ് അവസാന ഘട്ടം ( പണി പുരോഗമിക്കുന്നു)
6. തലശ്ശേരി -മാഹി ബൈപ്പാസ് (11.90 കി.മീ സ്ഥലമെടുപ്പ് പൂർത്തീകരിച്ച് ബാക്കി 7.2 കിമീ സ്ഥലമെടുപ്പ് നടത്തുവാനുണ്ട്)
7. മൂവാറ്റുപുഴ ബൈപ്പാസ് (സ്ഥലമെട്ടപ്പിനുള്ള എസ്റ്റിമേറ്റ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട് )
8. കോതമംഗലം ബൈപ്പാസ് (സ്ഥലമെട്ടപ്പിനുള്ള എസ്റ്റിമേറ്റ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട് )

നിലവിൽ കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. പൂർണ്ണമായും സംസ്ഥാന സർക്കാരാണ് ഇതിന്റെ ചെലവ് വഹിക്കുന്നത് . കൂടാതെ ആലപ്പുഴ കൊല്ലം ബൈപ്പാസുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെ നടത്തുവാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം ബൈപ്പാസ് എൻ എച്ച് എ ഐ മുഖേന ഇ പി സി വ്യവസ്ഥയിൽ ടെണ്ടർ ചെയ്തിട്ടുണ്ട്.

ദേശീയപാത വികസനത്തിനാവശ്യമായ ബൈപ്പാസുകളുടെ നിർമ്മാണ പ്രവൃത്തികളെല്ലാം തന്നെ കേന്ദ്ര സഹായത്താൽ നിർവഹിക്കേണ്ടതാണ് എന്നാൽ സംസ്ഥാനത്തെ സ്ഥലമെട്ടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ദേശീയപാത വികസനം മുടങ്ങിയ സാഹചര്യത്തിൽ കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ പ്രത്യേകമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ വിഹിതത്തോടെ (50:50) അടിയന്തിരമായി 2 വരി പാതയായി നിർമ്മിക്കുവാനും തീരുമാനം ആയിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസിന്റെ ശേഷിക്കുന്ന 5.1കിമീ ന്റെ 2 വരിപ്പാത നിർമ്മാണം സംസ്ഥാന സർക്കാർ സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്.

കൊല്ലം ബൈപ്പാസിന്റെ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ ഇ പി സി വ്യവസ്ഥയിൽ ടെണ്ടർ വിളിക്കുകയും 05.09.2014 ൽ ടെക്നിക്കൽ ബിഡും 21.10.2014 ൽ ഫിനാഷ്യൽ ബിഡും തുറക്കുകയുണ്ടായി. ടെണ്ടർ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ ഇ പി സി വ്യവസ്ഥയിൽ ടെണ്ടർ വിളിക്കുകയും 05.09.14 ൽ ടെക്നിക്കൽ ബിഡും 21.10.2014ൽ ഫിനാൻഷ്യൽ ബിഡും തുറക്കുകയും ചെയ്തു. ടെണ്ടർ അംഗീകരിക്കുവാനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്.

സംസ്ഥാന സർക്കാരിന്റെ സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് ബൈപ്പാസ് എഗ്രിമെന്റ് വച്ച് പണി പുരോഗമിച്ച് വരുന്നു.

നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ ചുവടെ പറയുന്ന് ബൈപ്പാസുകളുടെ പ്രവൃത്തികൾ നടന്നു വരുന്നു.

1. എം സി റോഡ് - പത്തനാപുരം റോഡ് ശബരിമല ബൈപ്പാസ് (മെഴ്സി ഹോസ്പ്പിറ്റൽ - ചെങ്ങമനാട് റോഡ് 6.60 കി.മീ)
2. കോതമംഗലം - തങ്കളം - കോഴിപ്പിള്ളി ബൈപ്പാസ്
3. തിരൂർ - പൊൻമുണ്ടം ബൈപ്പാസ്
4. കർമ്മ ബൈപ്പാസ് റോഡ്, പൊന്നാനി
5. മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ്
6. ഒരേടത്തുപാലം - മാനത്തുമംഗലം - തൈക്കുത്ത് ബൈപ്പാസ്
7. കടുത്തുരുത്തി ബൈപ്പാസ്
8. പട്ടിത്താനം - മണർക്കാട് ബൈപ്പാസ്
9. അയർക്കുന്നം - കുറ്റില്ലം ബൈപ്പാസ്

സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ